തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്ന പ്രോജക്ടുകൾ

16 (*586) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. കെ. ഉണ്ണിദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്ന പ്രോജക്ടുകൾ എല്ലാം നടപ്പാക്കപ്പെടുന്നില്ല എന്ന കാര്യം അറിയാമോ ;

(ബി) ഇൻഫർമേഷൻ കേരള മിഷന്റെ കണക്കുപ്രകാരം, രൂപം നൽകപ്പെട്ട പ്രോജക്ടുകളുടെ ആകെ അടങ്കൽ തുകയുടെ 57.05% മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) പദ്ധതിപ്പണം ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഭാവിയിൽ ഇത്തരത്തിൽ സംഭവിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇൻഫർമേഷൻ കേരള മിഷന്റെ കണക്കുപ്രകാരം, രൂപം നൽകപ്പെട്ട പ്രോജക്ടുകളുടെ അടങ്കൽ തുകയുടെ 67.27% ചെലവഴിക്കപ്പെട്ടിട്ടുണ്ട്. 2011-12 മുതലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയുടെ ചെലവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	ചെലവ്
2011-12	75.91%
2012-13	70.83%
2013-14	77.48%
2014-15	67.27%

ഇതിൽനിന്നും പദ്ധതി അടങ്കൽ തുക ചെലവഴിക്കുന്നതിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ലായെന്ന് കാണാവുന്നതാണ്.

(സി) വീഴ്ച സംഭവിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly